
# സാംസ്കാരികാഭിവൃദ്ധിയിൽ ദേവസ്വങ്ങൾക്ക് എങ്ങിനെ സഹായിക്കാൻ കഴിയും

എൻ. വി. കൃഷ്ണവാരിയർ



ഒരു പ്രത്യേക സമ്പ്രദായത്തിലുള്ള ആരാധന നടത്തുന്നതിന്നുവേണ്ടി പണ്ട് ആരൊക്കെയോ നീക്കിവെച്ച സ്വത്തുക്കളാണ് ദേവസ്വം. അങ്ങിനെ സ്വത്ത് നീക്കിവെച്ചവർ ഉദ്ദേശിച്ച രീതിയിലുള്ള ആരാധന തുടർന്ന് നടത്തുന്നതിന്നുവേണ്ടി മാത്രമേ ആ സ്വത്തുക്കൾ ഉപയോഗപ്പെടുത്താൻ പാടുള്ളു: ഇതാണ് ദേവസ്വം സ്വത്തുക്കളുടെ വിനിയോഗം സംബന്ധിച്ച യാഥാസ്ഥിതികവീക്ഷണം.

സ്വത്തു നീക്കിവെച്ചവരുടെ ഉദ്ദേശം എന്തായിരുന്നാലും, പഴയ രീതിയിലുള്ള ആരാധനയ്ക്ക് ഇന്ന് ഒരു പ്രസക്തിയുമില്ല. നരനാണ് ഇന്നത്തെ നാരായണൻ: ജനമാണ് ജനാർദ്ദനൻ. ജനസേവനമാണ് ഇന്നു പ്രസക്തമായ ആരാധന. ജനങ്ങൾക്ക് ഉപകാരപ്പെടുന്ന സ്ഥാപനങ്ങൾ സ്കൂളുകൾ, കോളേജുകൾ, ആസ്പത്രികൾ, അനാഥശാലകൾ—മുതലായവ നടത്തുകയും ഇവയിലെ അന്തേവാസികൾക്കും മററും ധനസഹായം നൽകുകയുമാണ്, ഇന്നത്തെ പരിതഃസ്ഥിതിയിൽ ദേവസ്വം സ്വത്തുക്കളുടെ ശരിയായ വിനിയോഗം: ഇതത്രേ മുൻപറഞ്ഞ വീക്ഷണത്തിനെതിരായ, മതനിരപേക്ഷമെന്നോ പുരോഗമനപരമെന്നോ വിളിക്കാവുന്ന, വീക്ഷണം.

ആദ്യംപറഞ്ഞ വീക്ഷണത്തിന്ന് നിയമത്തിന്റെ പിൻബലമുണ്ടെങ്കിൽ, രണ്ടാമതു പറഞ്ഞ വീക്ഷണമാണ് ഭൂരിപക്ഷം ആളുകൾ ഇന്നു പുലർത്തിപ്പോരുന്നത്.

ഇപ്പോഴത്തെ ചുററുപാടിൽ ഈ രണ്ടു വീക്ഷണങ്ങളും വികലങ്ങളാണ്.

പഴയ രീതിയിലുള്ള ആരാധന തുടർന്നുപോകുന്നതുകൊണ്ടുമാത്രം ക്ഷേത്രങ്ങളിലേക്കു സ്വത്തു നീക്കിവെച്ചവരുടെ ഉദ്ദേശം നിറവേറുകയില്ല: എന്നതാണ് ആദ്യത്തെ വീക്ഷണത്തിന്റെ വൈകല്യം. ആരാധനയുടെ പ്രയോജനം ഹിന്ദുമതത്തിലുള്ള വിശ്വാസം നിലനിർത്തുകയാണല്ലോ. വിശ്വാസം നിലനിർത്താൻ ആരാധനമാത്രം പോര. പ്രത്യേകിച്ച്, മററു മതങ്ങളുടെയും നിർമ്മതത്വത്തിന്റെയും ശക്തിയായ പ്രചാരണമുള്ളപ്പോൾ. ശരിയായ മതതത്വങ്ങൾ വ്യാപകമായി പ്രചരിപ്പിയ്ക്കുന്നതുകൊണ്ടു മാത്രമേ ഇക്കാലത്ത് മതവിശ്വാസം നിലനിർത്താനാവൂ. ഈ പ്രചാരണത്തിന്റെ അഭാവത്തിൽ ആരാധന അന്ധവിശ്വാസം മാത്രമേ ആയിരിക്കുകയുള്ളു. ആരാധനകളും അവയോടനുബന്ധിച്ച ചടങ്ങുകളും—ഉത്സവം മുതലായവ—കുറെ കുറച്ചാലും, മതതത്വപ്രചാരണത്തിന്നു കൂടുതൽ ഊന്നൽ നൽകുകയാണ് ഇന്ന് ദേവസ്വം സ്വത്തുക്കളുടെ ശരിയായ വിനിയോഗമായിരിയ്ക്കുക. മതതത്വപ്രചാരണത്തിന്റെ പശ്ചാത്തലത്തിനെതിരെ മാത്രമേ ആരാധനയ്ക്ക് ഇപ്പോൾ, ഇവിടെ എന്തെങ്കിലും അർത്ഥമുള്ളു.

ആദ്യത്തെ വീക്ഷണം പുലർത്തുന്നവരോട് ഇതാണ് പറയാനുള്ളത്.

രണ്ടാമത്തെ വീക്ഷണക്കാരോട് പറയാനുള്ളത് മറെറാന്നാണ്: മാറിയ പരിതഃസ്ഥിതികളിൽ ഹിന്ദുദേവസ്വങ്ങളുടെ സ്വത്തുക്കൾ തികച്ചും മതനിരപേക്ഷങ്ങളായ കാര്യങ്ങൾക്ക് ചെലവിടുന്നത് ശരിയായിരിക്കയില്ല. ദേവസ്വങ്ങൾ മുഖ്യമായും കൃഷിഭൂമികളായിരുന്നു. അവ നിയമംമൂലം കൃഷിക്കാർക്ക് നൽകപ്പെട്ടിരിക്കുന്നു. അവയിൽനിന്നുള്ള വരുമാനം ഇനി ക്ഷേത്രങ്ങൾക്കു പ്രതീക്ഷിച്ചുകൂടാ. മതവിശ്വാസികളുടെ സ്വകാര്യവരുമാനത്തിൽ ഒരം

ശം മതകാര്യങ്ങൾക്കായി നീക്കിവെയ്ക്കുകയെന്ന വഴക്കവും ഹിന്ദുസമുദായത്തിലില്ല. മറിച്ച്, ദേവസ്വത്തെ ക്ഷേത്രോപജീവികൾ ചൂഷണം ചെയ്യുകയെന്ന വഴക്കമാണ് ഇവിടെ ശതാബ്ദങ്ങളായി നിലവിലുള്ളത്. മതസ്ഥാപനങ്ങളുടെ സ്വത്തുക്കൾ ശരിയായ വിധത്തിൽ വിനിയോഗിക്കുക എന്ന ഉദ്ദേശത്തോടെ ദേവസ്വം ബോർഡുകൾ ഉണ്ടാക്കിയപ്പോഴും ഫലം മേൽപ്പറഞ്ഞതായിരുന്നു. ഒരിക്കലും തിരിച്ചുകിട്ടാത്ത, സേവനതൊഴിലുകൾക്കുള്ള, ശമ്പളമായാണ് ദേവസ്വം സ്വത്തുക്കളിൽ ഭൂരിഭാഗവും ഇന്ന് ചെലവഴിക്കപ്പെടുന്നത്. ഈ നില, വേണമെന്നുവെച്ചാൽത്തന്നെ, ഇനി ഏറെ വർഷങ്ങളോളം തുടരുകയുണ്ടാവില്ല. കാരണം, പഴയ സംവിധാനം പൊളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

അതിനാൽ മതനിരപേക്ഷങ്ങളായ, തിരിച്ചൊന്നുംകിട്ടാത്ത, സ്കൂളുകൾ, കോളേജുകൾ, ആസ്പത്രികൾ, അനാഥശാലകൾ മുതലായവയ്ക്കായി ദേവസ്വം സ്വത്തുക്കൾ ഇന്നു ചെലവഴിക്കുന്നത് ആ സ്വത്തുക്കളെ കഴിയുംവേഗം അവസാനിപ്പിക്കുക—തികച്ചും ഇല്ലാതാക്കുക—എന്ന ലക്ഷ്യം നേടാനേ സഹായിക്കുകയുള്ളു. ഇന്നും ആരാധകരുടെ വിശ്വാസം നിലനിർത്തുകയും, തൽഫലമായി ഗണ്യമായ നടവരവു നേടുകയും ചെയ്യുന്ന ക്ഷേത്രങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമാണ്: തിരുപ്പതി, ഗുരുവായൂർ, മുതലായി. ഈ ക്ഷേത്രങ്ങളിലെ വരുമാനം ഒരു കേന്ദ്രഫണ്ടായി സംഭരിക്കുകയും, അതിൽനിന്ന്, അതാതു ക്ഷേത്രങ്ങളിലെ നിത്യനിദാനച്ചെലവുകൾ കഴിഞ്ഞുള്ള തുക ഹിന്ദുമതസ്ഥാപനങ്ങളുടെ പൊതുവായ നന്മയ്ക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യുകയാവും ആ വരുമാനത്തിന്റെ ശരിയായ, ദാതാക്കളുടെ ഹിതപ്രകാരമുള്ള വിനിയോഗം. ഈ വീക്ഷണം കൈക്കൊള്ളുന്നപക്ഷം, ദേവസ്വംസ്വത്തുക്കൾ എങ്ങിനെ ചെലവഴിക്കണമെന്ന് തീരുമാനിക്കാനൊ, അക്കാര്യത്തിൽ ഒരു മുൻഗണനാക്രമമുണ്ടാക്കാനൊ പ്രയാസമില്ല.

വായനക്കാരുടെ പരിചിന്തനത്തിന്നായി താഴെ ചേർക്കുന്ന മുൻഗണനാക്രമം സമർപ്പിക്കുന്നു.

## ക്ഷേത്രപുനരുദ്ധാരണം

തകർന്നുകിടക്കുന്ന ക്ഷേത്രങ്ങൾ നാടുനീളെ കാണാം. വ്യക്തികളുടെ പരിശ്രമഫലമായി ഇവ ഇനി എന്നെങ്കിലും പുനരുദ്ധരിക്കപ്പെടുമെന്ന് കരുതിക്കൂടാ. ചുററുമുള്ളവർക്ക് താൽപര്യമില്ലെങ്കിൽ ഇവ പുനരുദ്ധരിച്ചിട്ടും കാര്യമില്ല. ചുററും പാർക്കുന്ന ആരാധകർ താൽപര്യം പ്രദർശിപ്പിക്കുകയും, അതിന്നായി ധനമായോ പ്രയത്നമായോ സംഭാവന നൽകാൻ മുന്നോട്ടുവരുകയുമാണെങ്കിൽ, ചെലവിന്റെ അമ്പതോ അറുപതോ ശതമാനംവരെ സഹായമായി നല്കുന്ന ഒരു കേന്ദ്രക്ഷേത്ര പുനരുദ്ധാരണനിധി നിർമ്മിക്കുന്നത് ആശാസ്യമായിരിക്കും. മരാമത്തുപണികൾക്കു മാത്രമല്ല, പൂജ, ഉത്സവം മുതലായ നിത്യനിദാന പ്രവർത്തനങ്ങൾക്കു തന്നെയും ഇത്തരം ഏർപ്പാട് ഇനിമേൽ ഉണ്ടാവേണ്ടതായാണ് ഇരിപ്പ്. അടച്ചുപൂട്ടിയ ഒരു ഗ്രാമക്ഷേത്രം തുറന്ന് ദിവസേന വിളക്കുവെപ്പും പൂജയും നടത്താനാവശ്യമായ പണത്തിൽ ഒരുഭാഗം ചുററുമുള്ള നാട്ടുകാർ ഉണ്ടാക്കുകയാണെങ്കിൽ, ബാക്കി ഭാഗം ഒരു കേന്ദ്രഫണ്ടിൽനിന്ന് കിട്ടുമെന്ന നിലവരാത്തപക്ഷം കേരളത്തിലെ ക്ഷേത്രങ്ങളിലെത്രയോ എണ്ണം അടുത്ത ഏതാനും വർഷങ്ങൾക്കകം പൂജ മുട്ടി ചുമർ ഇടിഞ്ഞ് നശിച്ചുപോവുകയേ ഉള്ളൂ. അതിനാൽ, അടിയന്തരമായി ഇക്കാര്യം ശ്രദ്ധാവിഷയമാക്കേണ്ടിയിരിക്കുന്നു.

## മതതത്വപ്രചാരണം—വിദ്യാലയങ്ങൾ

മംഗലപ്പുഴയിലോ വടവാതൂരിലോ ഒക്കെയുള്ള ക്രൈസ്തവസെമിനാരികൾപോലെ വമ്പിച്ച മതവിദ്യാസ്ഥാപനങ്ങളുണ്ടാക്കി അവയിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് എട്ടോ പത്തോ വർഷത്തെ മതശിക്ഷണം നൽകി, ക്രൈസ്തവ പുരോഹിതന്മാരേപ്പോലെ അവരെ ആയുഷ്കാല മതപ്രവർത്തകരാക്കിത്തീർക്കുന്ന ഏർപ്പാട് ഹിന്ദുമതത്തിൽ ഒരിക്കലും ഉണ്ടായിരുന്നില്ല. ഒന്നോ രണ്ടോ ശിഷ്യന്മാരെ തിരഞ്ഞെടുത്ത് തീവ്രമായി പഠിപ്പിച്ച് സന്ന്യാസം നല്കുന്ന ഏതാനും മഠങ്ങളേ ഇടെ ഉണ്ടായിരുന്നുള്ളു. മതനേതാക്കൾ അങ്ങിനെയാണ് സൃഷ്ടിക്കപ്പെട്ടിരുന്നത്. മററുള്ളവർക്ക് ആകട്ടെ സാധാരണ വിദ്യാഭ്യാസത്തിന്റെകൂടെ അല്പം മതപഠനവും നൽകിപ്പോന്നു എന്നുമാത്രം. ബഹുജനങ്ങൾ മതവിശ്വാസങ്ങൾ ഉൾക്കൊണ്ടിരുന്നത് ക്ഷേത്രങ്ങളിലുള്ള പുരാണപാരായണം, കൂത്ത്, പാഠകം, കഥകളി, കൃഷ്ണനാട്ടം, തുള്ളൽ മുതലായവ കേട്ടും കണ്ടുമാണ്. പുരാണപാരായണത്തിന്നായി ക്ഷേത്രങ്ങളിൽ ''ഭാരതപ

(3)

ട്ടേരി''മാരെ നിയമിയ്ക്കാറുണ്ടായിരുന്നു. അടുത്ത കാലത്തു് അന്തരിച്ച പണ്ഡിതവരേണ്യനായ ചേന്ദമംഗലം അയ്യാശാസ്ത്രികളുടെ ജോലി ക്ഷേത്രത്തിൽ രാമായണ പാരായണമായിരുന്നു എന്നോർക്കുക.

ഇപ്പോൾ ഒരു ക്ഷേത്രത്തിലും പുരാണപാരായണമെന്ന ഉദ്യോഗം ഇല്ലാതായിരിക്കുന്നു. കഴിയുമെങ്കിൽ എല്ലാ ക്ഷേത്രങ്ങളിലും ഇങ്ങിനെ ഒരുദ്യോഗമുണ്ടാക്കുകയും, അർഹതയുള്ള ആളുകളെ തിരഞ്ഞുപിടിച്ചു്, പ്രത്യേക ശിക്ഷണം നൽകി, ഈ ഉദ്യോഗത്തിൽ നിയമിക്കുകയും ചെയ്യുന്നതു് നല്ലതാണു്. മുൻപറഞ്ഞ ദേവസ്വം പൊതുഫണ്ടു് ഇതിന്നു് ഉപയോഗിയ്ക്കാം. ഈ പാരായണം, ഇന്നത്തെ രീതിയിൽ, ഓരോ ക്ഷേത്രത്തോടും അനുബന്ധിച്ച നടത്തുന്ന ഒരു മതവിദ്യാലയമാക്കാവുന്നതാണു്. അധ്യാപകൻ യോഗ്യനെങ്കിൽ ശിഷ്യരെ കിട്ടാതിരിക്കയില്ല. ഈ മതവിദ്യാലയങ്ങൾക്കു് ഒരു പൊതു പാഠ പദ്ധതിയും പരീക്ഷാസംവിധാനവും ഏർപ്പെടുത്താം.

ദേവസ്വങ്ങളുടെ വകയായി ഇപ്പോൾ നടത്തിവരുന്ന സ്കൂളുകൾ, കോളേജുകൾ മുതലായവ പുനസ്സംവിധാനം ചെയ്താൽ, അവയെയും മതതത്വപ്രചാരണത്തിന്നുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും. സംസ്കൃതപഠനം ഇവയിൽ നിർബന്ധിതമാക്കേണ്ടിയിരിക്കുന്നു. രണ്ടാംഭാഷയായോ ഒരു അധിക വിഷയമായോ സംസ്കൃതം പഠിക്കാത്ത ആർക്കും ഈ സ്ഥാപനങ്ങളിൽ പ്രവേശനമില്ലെന്ന നില, പെട്ടെന്നല്ലെങ്കിൽ ക്രമത്തിൽ, ഉളവാക്കാവുന്നതാണു്. ഇതോടൊപ്പം, താൽപര്യമുള്ളവക്കായി ഹൈന്ദവദർശനങ്ങൾ, സ്മൃതികൾ, ഇതിഹാസ–പുരാണങ്ങൾ, വേദങ്ങൾ മുതലായവയിൽ ശിക്ഷണംനൽകുവാനും ഏർപ്പാടുണ്ടാക്കാം. ഇത്തരം പഠിപ്പു് നേടിയവരെ പിന്നീടു്, ദേവസ്വത്തിലെ ജോലികളിൽ മുൻഗണന കൊടുത്തു നിയമിക്കാവുന്നതാണു്.

മധ്യകേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും ഓത്തുട്ടു ബ്രഹ്മസ്വങ്ങൾ ഉണ്ടായിരുന്നു. യജുർവ്വേദപഠനം നിലനിർത്തുകയായിരുന്നു ഇവയുടെ ഉദ്ദേശം. ഈ ബ്രഹ്മസ്വംസ്വത്തുക്കളിൽ ഇനിയും നശിച്ചുകഴിഞ്ഞിട്ടില്ലാത്തവ സംഭരിച്ചു്, ഏതെങ്കിലും നല്ല ഒരു കോളേജിനോടനുബന്ധിച്ചു് ഒരു ഹോസ്റ്റലുണ്ടാക്കുന്നതിന്നായി വിനിയോഗിക്കുന്നു എന്നു വെക്കുക. കോളേജിൽ പഠിക്കുന്നതോടൊപ്പം, രാവിലേയും വൈകുന്നേരവും യജുർവ്വേദംകൂടി പഠിക്കുന്ന വിദ്യാർത്ഥികൾക്കു് ഈ ഹോസ്റ്റലിൽ സൗജന്യമായി പ്രവേശംനൽകാവുന്നതാണു്. ശരിയായ സംവിധാനമുണ്ടാകുന്നപക്ഷം യജുർവ്വേദപഠനപാരമ്പര്യം നിലനിർത്താൻ ഇങ്ങിനെ സാധ്യമായേയ്ക്കും. മററു വേദങ്ങളുടെ കാര്യത്തിലും ഇതു പ്രായോഗികമാക്കാം.

ഒരു ജീവിതവൃത്തിയായി ജ്യോതിഷംമാത്രം പഠിക്കാൻ ഒരുങ്ങുന്നവർ ഇനിയങ്ങോട്ടു ചുരുക്കമായിരിയ്ക്കും. എന്നാൽ, പ്രാചീനഭാരതീയരുടെ ഗണിതവും അതോടൊപ്പം ജ്യോതിഷവും മനസ്സിലാക്കാനുള്ള താല്പര്യം മാത്രമാററിന്നു് പഠിക്കുന്ന മിക്ക വിദ്യാർത്ഥികൾക്കുമുണ്ടാകും. ഇത്തരക്കാർക്കു് കോളേജുകളിലോ ഹോസ്റ്റലുകളിലോ ജ്യോതിഷപഠനത്തിന്നു സൗകര്യവും പ്രോത്സാഹനവും നല്ലാവുന്നതാണു്. ഇതുപോലെ, വിദ്യാലയങ്ങളോടനുബന്ധിച്ചു് രാമായണഹോസ്റ്റലുകളും മഹാഭാരതഹോസ്റ്റലുകളും, മററും ഉണ്ടാവുന്നതിൽ യാതൊരു അനൗചിത്യവും ഞാൻ കാണുന്നില്ല. മതതത്വങ്ങളിൽ അഗാധമായ അറിവുനേടിയ ഏതാനുംപേരെയെങ്കിലും ഇങ്ങിനെ തയ്യാറാക്കാൻ കഴിഞ്ഞേയ്ക്കും.

വിദ്യാഭ്യാസത്തിന്റെ മതനിരപേക്ഷമായ മുഖ്യധാരയിൽനിന്നു് അകററിനിർത്തി മതതത്വപ്രചാരണം നിർവ്വഹിക്കുക ഇന്നത്തെ പരിതഃസ്ഥിതിയിൽ അസാധ്യമാണു്. മതനിരപേക്ഷ വിദ്യാഭ്യാസമാകട്ടെ ഇന്നു് സർക്കാരിന്റെ ചുമതലയത്രേ. മതനിരപേക്ഷ വിദ്യാഭ്യാസത്തോടു ബന്ധപ്പെടുത്തി മതതത്വപ്രചാരണം നടത്താവുന്നതും നടത്തേണ്ടതുമാണു്. അത്തരം വിദ്യാഭ്യാസത്തിന്നുമാത്രമേ ദേവസ്വംസ്വത്തുക്കൾ ഇനിമേൽ ഉപയോഗിക്കേണ്ടതുള്ളു. യൂനിവെഴ്സിററിഗ്രാന്റ്സ് കമ്മീഷൻ നിർദ്ദേശിക്കുന്ന തരത്തിലുള്ള ''ആട്ടോണമസ് കോളേജു''കളാക്കി ഇന്നത്തെ ദേവസ്വം കോളേജുകളെ പരിവർത്തനം ചെയ്യുന്നതുമൂലം ഈ ഉദ്ദേശം നേടാൻ കഴിയും. ദേവസ്വംസ്വത്തുക്കൾ ഉപയോഗിച്ചു് ഇന്നു നടത്തിവരുന്ന വിദ്യാലയങ്ങൾ ഇതേനിലക്കു തുടർന്നു നടത്തിയിട്ടു് എന്തെങ്കിലും പ്രയോജനം ലഭിക്കാനുണ്ടോ എന്നു് അടിയന്തിരമായി പരിശോധിക്കേണ്ടതാണു്.

## മതതത്വപ്രചാരണം–കലകൾ

ബഹുജനങ്ങൾക്കിടയിൽ മതബോധം നിലനിർത്തുന്നതിന്ന് ഭാരതീയർ മുഖ്യമായും അവലംബിച്ചുപോന്നത് കലകളെയായിരുന്നു. ഹൈന്ദവാരാധനാക്രമത്തിലും കലകൾക്ക് അവയുടേതായ പങ്കു നിർവഹിക്കാനുണ്ട്. കൂത്ത്, പാഠകം, കഥകളി, കൃഷ്ണനാട്ടം, തുള്ളൽ, മുതലായ കലകളും സംഗീതവും വാദ്യകലയും വാസ്തുശില്പവും പ്രതിമാനിർമ്മാണവും ചിത്രകലയും പഠിപ്പിക്കുന്ന ഒരു കേന്ദ്രവിദ്യാലയം സ്ഥാപിച്ചുനടത്താൻ ദേവസ്വം സ്വത്തുക്കൾ ഉപയോഗിക്കാവുന്നതും ഉപയോഗപ്പെടുത്തേണ്ടതുമാണ്. ഇവയിൽ ശിക്ഷണം നേടിവരുന്നവർക്ക് ദേവസ്വംജോലികളിൽ മുൻഗണന തീർച്ചയായും ലഭിക്കാതിരിക്കയില്ല.

## മതതത്വപ്രചാരണം–പുസ്തകപ്രകാശനം

ഉത്തരപ്രദേശിൽ ഗോരഖ്പൂരിലെ ഗീതാപ്രസ്സ് അടുത്തകാലത്ത് ഹൈന്ദവസംസ്കാരത്തിന്നു നിർവ്വഹിച്ച സേവനം മററേതെങ്കിലും സ്ഥാപനം അനുഷ്ഠിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഗീതയും ഉപനിഷത്തുക്കളും മഹാഭാരതവും ഭാഗവതവും ഹരിവംശവും മററ് അനേകം ആധാരഗ്രന്ഥങ്ങളും ശാങ്കരാദിഭാഷ്യങ്ങളോടും അവയുടെ ലളിതഹിന്ദി വിവർത്തനത്തോടുംകൂടി ചുരുങ്ങിയ വിലക്ക് ലഭ്യമാക്കിയതാണ് ഗീതാപ്രസ്സിന്റെ സേവനം. കല്യാൺ, കല്യാണകല്പതരു എന്നീ മതമാസികകളും അവർ പ്രശസ്തമായ നിലയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

ഗീതാപ്രസ്സ്പോലെയുള്ള ഒരു പ്രസിദ്ധീകരണാലയം കേരളത്തിന്നും വേണ്ടതാണ്. വൻതോതിൽ മൂലധനനിക്ഷേപം ആവശ്യമുള്ള ഒരു വ്യവസായമാണ് ഇന്ന് പുസ്തകപ്രകാശനം. ശരിക്കുനടത്തിയാൽ ഇതു് ലാഭകരമായിക്കൂടെന്നില്ല. ഇത്തരമൊരു പ്രസിദ്ധീകരണാലയം സ്ഥാപിക്കുന്നതിന്നായി ദേവസ്വം സ്വത്തുക്കൾ വിനിയോഗിക്കുന്നത് ആ സ്വത്തുക്കളുടെ ശരിയായ വിനിയോഗമായിരിക്കും.

## വാനപ്രസ്ഥാശ്രമം

വ്യക്തിജീവിതത്തെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്ന നാലാശ്രമങ്ങളായി പ്രാചീനഭാരതീയർ വിഭജിച്ചിരുന്നുവല്ലോ. മതപരമായ സാമൂഹ്യജീവിതം നയിക്കാനുള്ളതായിരുന്നു വാനപ്രസ്ഥാശ്രമം. മധ്യവയസ്സിലെത്തുമ്പോഴാണ് മതജീവിതത്തിൽ താൽപര്യം അധികംപേർക്കും ഇന്നും ഉളവാകുന്നത് ഇത്തരക്കാരെ ഒന്നിച്ചുചേർത്താൽ പല പണികളും ചെയ്യാൻ കഴിയും. മതപരമായ ജീവിതം നയിക്കാൻ സൗകര്യമുണ്ടാകുമാറ് ഒരു ''വാനപ്രസ്ഥാശ്രമം'' സ്ഥാപിച്ചാൽ ഇത്തരക്കാരിൽ പലരും അവിടെപോയി പാർത്തെന്നു വരും.

നഗരങ്ങളിൽനിന്നകന്ന്, മലഞ്ചെരിവുകളിലോ പുഴയോരങ്ങളിലോ നിർമ്മിച്ച ഒരു കോളനിയായിട്ടാണ് ഞാൻ വാനപ്രസ്ഥാശ്രമത്തെ വിഭാവനം ചെയ്യുന്നത്. ചുരുങ്ങിയ ചെലവിൽ തീർത്ത ''കോട്ടേജുകൾ'' ഇവിടെ ഉണ്ടാവണം. ഇവ ആവശ്യക്കാർക്ക് ചുരുങ്ങിയ, നാമമാത്രമായ, വാടകക്ക് ലഭിക്കണം. പാർപ്പുകാരെ തിരഞ്ഞെടുക്കുന്നത് നല്ലവണ്ണം പരിശോധിച്ച് അർഹത നിർണ്ണയിച്ചായിരിക്കണം. പൊതുവായ ലൈബ്രറി–ആസ്പത്രി–ഷോപ്പിങ്ങ്–വിനോദസൗകര്യങ്ങൾ ഇവിടെ ഏർപ്പാടുചെയ്യണം. പാർപ്പുകാരുടെ പ്രയത്നഫലം ഉപയോഗപ്പെടുത്താൻ പററിയ രീതിയിലുള്ള ചെറിയ വ്യവസായങ്ങളും അടുത്ത് സ്ഥാപിക്കാവുന്നതാണ്.

ഇത്തരം ആശ്രമങ്ങൾ ഉണ്ടാക്കിയാൽ, സ്വന്തം ചെലവിൽ അവിടെ താമസിക്കാനും, മതപരമായ ജീവിതം നയിച്ചുകൊണ്ട്, കഴിയുന്ന പൊതുസേവനങ്ങൾ നിർവഹിക്കാനും, കുറെയെങ്കിലും ആളുകൾ മുന്നോട്ടു വരാതിരിക്കയില്ല. മതസ്ഥാപനങ്ങളുടെ സ്വത്തുക്കളുടെ ഫലപ്രദമായ ഒരു വിനിയോഗമായിരിക്കും ഇത്തരം വാനപ്രസ്ഥാശ്രമങ്ങളുടെ സ്ഥാപനം.